Vol. I, No.9
2023 January-June
1197-98 മിഥുനം-വൃശ്ചികം

Included in UGC-CARE list
A peer reviewed research journal

# ചെങ്ങഴി
# CHENGAZHI



CamScanner

# ഉള്ളടക്കം


ആലേഖനവിദ്യയും ലിപികളും ഇന്ത്യയിലും കേരളത്തിലും

ആർ.ബി. ശ്രീകല 11

പച്ചകത്തിയ കഥനപ്പേച്ചുകൾ

ദീപേഷ് കരിമ്പുങ്കര 24

സംസ്കാരസമന്വയത്തിന്റെ കവിത

സിബി കര്യൻ 31

ചണ്ഡാലഭിക്ഷുകിയിലെ സ്നേഹസങ്കല്പങ്ങൾ

റീജ വി. 37

സാങ്കേതിക സംജ്ഞകളുടെ പ്രയോഗപാഠങ്ങൾ

ഡേവിസ് സേവ്യർ 43

നമ്മുടെ നാട്ടറിവ് പഠനത്തിന്റെ ഭാവി

എൽ. തോമസ്കട്ടി 52

ഗേ സാഹിത്യം മലയാളത്തിൽ

അബ്ദുൾ ഗഫൂർ പി. 57

പൊതു ഇടങ്ങളിലെ ജനാധിപത്യം

ലിസി മാത്യു വി. 66

ഭാഷാസൂത്രണത്തിന്റെ വഴികൾ

രാജേന്ദ്രൻ എടത്തുംകര 76

ഗോത്രകാലത്തിന്റെ ഉയിരെഴുത്ത്

കെ.പി. ജയകമാർ 87


CamScanner

നാടകം-നവോത്ഥാനം-രാഷ്ട്രീയം [illegible]
സ്റ്റാലിൻ ദാസ് പടിഞ്ഞാറെ പുരക്കൽ

അയ്യപ്പപ്പണിക്കരുടെ വിമർശനകല [illegible]
പി.എസ്. രാജേഷ് കുമാർ

സംസ്കൃതനാടകങ്ങളിലെ പ്രാകൃതഭാഷ 117
ഗീത എച്ച്.

ഭാഷയുടെ തെളിമയും തനിമയും കോട്ടയം ജില്ലയിൽ 129
ബ്രിൻസി മാത്യു

ബാല്യത്തിന്റെ ഭാഷ്യങ്ങൾ മുകുന്ദന്റെ കഥകളിൽ 133
മഞ്ജു വി. മധു

സർപ്പക്കാടിലെ നാടോടിവഴക്കങ്ങൾ 140
രാഗിണി ഇ.വി.

ശാസ്ത്രാഖ്യായികകൾ: ഐസ്-196℃ 147
റീജ രവീന്ദ്രൻ

'കൊക്കരണി'യിലെ മാനവാനന്തരസന്ദേഹങ്ങൾ 156
അജിത ചേമ്പൻ

ശരീരവും ലൈംഗികതയും ഇരുട്ടിന്റെ പുസ്തകങ്ങളിൽ 163
ജിസ്സ ജോസ്

നവോത്ഥാനത്തിന്റെ ബാലകവിതകൾ 173
അഥീന എം.എൻ.

താന്ത്രികപാഠങ്ങളുടെ സാംസ്കാരിക വിനിമയങ്ങൾ 181
നെത്തല്ലൂർ ഹരികൃഷ്ണൻ

ശ്രീശങ്കരന്റെ ജീവിതവും സംഭാവനകളും 189
ഹരിനാരായണൻ മാങ്കുളത്തില്ലത്ത്

ജോർജ് മാത്തനും മലയാളവും 195
സുധ മേരി തോമസ്

മയിലമ്മ: പാരിസ്ഥിതികാവബോധവും വിഭവാധികാരത്തിന്റെ രാഷ്ട്രീയവും 203
ബിന്ദു ടി.വി.


CamScanner

# ഭാഷയുടെ തെളിമയും തനിമയും കോട്ടയം ജില്ലയിൽ

ബ്രിൻസി മാത്യു

അസി. പ്രൊഫസർ, ദേവമാതാകോളേജ്, കറവിലങ്ങാട്

ഭാഷ ആശയവിനിമ ഉപാധി മാത്രമല്ല ഒരു സംസ്കാരസൂചകം കൂടിയാണ്. ഭാഷ മരിക്കുമ്പോൾ സംസ്കാരം. കൂടിയാണ് അപ്രത്യക്ഷമാകുന്നത്. ഭാഷാശാസ്ത്രജ്ഞർ കേരളത്തിൽ 12 ഭാഷാഭേദമേഖലകളുണ്ടെന്ന് അഭിപ്രായപ്പെടുന്നു. വ്യത്യസ്തമായ ഭാഷാഭേദപ്രദേങ്ങളിൽ കോട്ടയം ജില്ലയിലെ മിക്കവാറും എല്ലാ പഞ്ചായത്തുകളെയും ഉൾക്കൊള്ളിച്ചിട്ടുണ്ട്. മാനകഭാഷയോടും അച്ചടിഭാഷയോടും അടുത്തുനിൽക്കുന്നതാണ് കോട്ടയം ജില്ലയിലെ ഭാഷയെന്ന അഭിപ്രായമുണ്ട്.അക്ഷരങ്ങളുടെ നാടെന്ന് അറിയപ്പെടുന്ന കോട്ടയം ഇടനാട് പ്രദേശമായി കണക്കാക്കപ്പെടുന്നു. കോട്ടയത്തിന്റെ തെക്കുഭാഗത്ത് പത്തനംതിട്ട ജില്ലയും പടിഞ്ഞാറുഭാഗത്ത് ആലപ്പുഴ ജില്ലയും വടക്കുഭാഗത്ത് എറണാകുളം ജില്ലയും കിഴക്കുഭാഗത്ത് ഇടുക്കി ജില്ലയുമാണ് അതിർത്തികൾ.

കോട്ടയം, ചങ്ങനാശ്ശേരി, വൈക്കം, മീനച്ചിൽ, കാഞ്ഞിരപ്പള്ളി താലൂക്കുകൾ ഉൾപ്പെടുന്നതാണ് കോട്ടയം ജില്ല. സംഘകാലത്ത് കോട്ടയം പ്രദേശങ്ങൾ കുട്ടനാടിന്റെ ഭാഗമായിരുന്നു. സംഘകാലത്തിനുശേഷം ഒൻപതാംശതകത്തോടെ കുലശേഖരവർമ്മയുടെ കാലത്താണ് കോട്ടയത്തിന് പ്രാധാന്യം കിട്ടിത്തുടങ്ങിയത്. 'എ.ഡി. 800 മുതൽ 1102 വരെ കോട്ടയം പ്രദേശങ്ങൾ കുലശേഖരസാമ്രാജ്യത്തിന്റെ ഭാഗമായിരുന്നു എന്ന് വാഴപ്പള്ളി ശാസനത്തിൽ പറയുന്നു.'1 മഹോദയപുരം ആസ്ഥാനമാക്കി ഭരണം നടത്തിയിരുന്ന ചേരചക്രവർത്തിമാരാണ് ഇവിടെ ഭരണം നടത്തിയിരുന്നത്. നന്റുഴൈനാട്, മഞ്ചുനാട്, വേമ്പൊലിനാട് എന്നിവയായിരുന്നു അക്കാലത്തെ ഭരണവിഭാഗങ്ങൾ. വേമ്പൊലി രാജവംശം പിന്നീട് തെക്കുംകൂർ, വടക്കുംകൂർ എന്നിങ്ങനെ രണ്ട് ശാഖകളായി പിരിഞ്ഞു. മാർത്താണ്ഡവർമ്മ രാജ്യവിസ്തൃതി വർദ്ധിപ്പിച്ചപ്പോൾ കോട്ടയം ജില്ലയുൾപ്പെടെ ഒട്ടുമിക്ക പ്രദേശങ്ങളും തിരുവിതാംകൂറിന്റെ ഭാഗമാക്കി.

പ്രാചീനകാലം മുതൽ മലയാളക്കരയുടെ വിദേശവാണിജ്യബന്ധങ്ങളിൽ കോട്ടയം ഒരു പ്രധാന കണ്ണിയായിരുന്നു. മലയാളത്തിലെ ആദ്യ യാത്രാവിവരണഗ്രന്ഥമായ വർത്തമാനപുസ്തകത്തിന്റെ കർത്താവ് പാറേമ്മാക്കൽ തോമ്മാക്കത്തനാർ, വഞ്ചിപ്പാട്ട് പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവായ രാമപുരത്ത് വാര്യർ, ഭാഷയ്ക്കും സാഹിത്യത്തിനും സംഭാവന നല്കിയ കൊട്ടാരത്തിൽ ശങ്കുണ്ണി, വൈക്കത്ത് പാച്ചുമൂത്തത്, കേരളവർമ്മ വലിയകോയിത്തമ്പുരാൻ, വൈക്കം മുഹമ്മദ് ബഷീർ, കട്ടക്കയം ചെറിയാൻ മാപ്പിള, പൊൻകുന്നം വർക്കി, ഒ.എം. ചെറിയാൻ, എം. പി. പോൾ,

CamScanner

ലളിതാംബിക അന്തർജ്ജനം, മന്നത്ത് പത്മനാഭൻ, വടക്കുംകൂർ രാജരാജവർമ്മ, കൈനിക്കര പദ്മനാഭപിള്ള, കെ.പി.എസ്. മേനോൻ, മേരി ജോൺ കൂത്താട്ടുകുളം, പി.എൻ. പണിക്കർ, പാലാ നാരായണൻനായർ, അഭയദേവ്, കാരൂർ, ഡിസി കിഴക്കേമുറി, നാലാങ്കൽ കൃഷ്ണപിള്ള, സക്കറിയ, മുട്ടത്തുവർക്കി, ബുക്കർപ്രൈസ് ജേതാവായ അരുന്ധതിറോയ് തുടങ്ങിയവരൊക്കെ കോട്ടയം ജില്ലയിൽനിന്നുള്ളവരാണ്. വൈക്കം സത്യാഗ്രഹം കോട്ടയം ജില്ലയിലെ ചരിത്ര സംഭവമാണ്. കേരളത്തിലെയും ദക്ഷിണേന്ത്യയിലെയും പ്രഥമ കലാലയമായ സി.എം.എസ്. കോളേജ് കോട്ടയം നഗരത്തിലാണ്. 'തിരുവിതാംകൂറിലെ വടക്കൻ ഡിവിഷന്റെ ആസ്ഥാനം ചേർത്തലയിൽനിന്ന് കോട്ടയത്തേക്ക് മാറ്റിയതും ആധുനിക കോട്ടയത്തെ പടുത്തുയർത്തിയതും ടി. മാധവറാവുവാണ്.'2

മലയാളപത്ര പ്രവർത്തനത്തിന്റെ കേന്ദ്രമായിരുന്ന കോട്ടയം. അച്ചടിയന്ത്രം വഴി പുറത്തുവന്ന പ്രഥമ മലയാള പ്രസിദ്ധീകരണമായിരുന്ന ജ്ഞാനനിക്ഷേപം 1848-ൽ കോട്ടയത്തുനിന്നാണ് പ്രസിദ്ധീകരിച്ചത്. സന്ദിഷ്ടവാദി (1867), നസ്രാണി ദീപിക (1887), മലയാള മനോരമ (1890) എന്നീ പത്രങ്ങളും കോട്ടയത്തുനിന്നാണ് പ്രസിദ്ധീകരിച്ചത്. ഇപ്പോഴും ധാരാളം പത്രങ്ങളുടെയും ആനുകാലികങ്ങളുടെയും പ്രസിദ്ധീകരണകേന്ദ്രമാണ് കോട്ടയം. ദക്ഷിണേന്ത്യയിൽ ആദ്യമായി ഇംഗ്ലീഷ് വിദ്യാഭ്യാസം തുടങ്ങിയത് കോട്ടയത്താണ്. ആദ്യമായി ഒരു അച്ചടിശാല ആരംഭിച്ചതും കോട്ടയത്താണ്. 1821-ൽ ബെഞ്ചമിൻ ബെയിലിയാണ് അച്ചടിശാല ആരംഭിച്ചത്. ആദ്യമായി മലയാളം-ഇംഗ്ലീഷ് നിഘണ്ടുവും ഇംഗ്ലീഷ്-മലയാളം നിഘണ്ടുവും അച്ചടിച്ചത് കോട്ടയത്തായിരുന്നു. കോട്ടയം ജില്ലയിലെ ഭാഷാരീതിയെ രൂപീകരിക്കുന്നതിൽ വിദേശബന്ധങ്ങൾ, വിദ്യാഭ്യാസവ്യാപനം, സാഹിത്യകാരന്മാരുടെ സ്വാധീനം, അച്ചടിശാലകൾ എന്നിവയെല്ലാം നിർണ്ണായക പങ്ക് വഹിച്ചിട്ടുണ്ട്.

'അച്ചടി ഭാഷയോടു ചേർന്നു നില്ക്കുന്ന ഭാഷയാണ് കോട്ടയം ജില്ലയിലുള്ളതെന്ന അഭിപ്രായം അച്ചടി മാധ്യമങ്ങളുടെ നാടായ കോട്ടയത്തിനു യോജിക്കുന്നതാണ്. മാനകഭാഷയോട് ചേർന്നു നില്ക്കുന്ന ഭാഷാപദങ്ങളാണ് കൂടുതലായും കോട്ടയം ജില്ലയിൽ ഉപയോഗിക്കുന്നതെങ്കിലും കോട്ടയത്തു മാത്രം ഉപയോഗിച്ചു കാണുന്ന പദങ്ങളും ശൈലികളുമുണ്ട്. അവയെ പട്ടികപ്പെടുത്തി സമാഹരിക്കുന്നത് മലയാളഭാഷയ്ക്ക് മുതൽക്കൂട്ടാകും. കോട്ടയം ജില്ലയിലെ വിവിധ പ്രദേശങ്ങളിലെ ആവേദകരിൽനിന്ന് ലഭിച്ച ദത്തകളോടൊപ്പം കോട്ടയം ജില്ലക്കാരായ എഴുത്തുകാരുടെ കൃതികളും 'ലേലം', 'വാഴുന്നോർ', 'കോട്ടയം കുഞ്ഞച്ചൻ', 'കാഞ്ഞിരപ്പള്ളി കറിയാച്ചൻ', 'സ്ഫടികം' എന്നീ സിനിമകളും പഠനത്തിനായി പ്രയോജനപ്പെടുത്തി. ഇപ്രകാരം ശേഖരിച്ച കാര്യങ്ങൾ അപഗ്രഥിച്ച് ഭാഷാഭേദങ്ങൾ കണ്ടെത്തുകയും അവയെ പട്ടികപ്പെടുത്തുകയും ചെയ്തിരിക്കുന്നു. ഭാഷാഭേദത്തോടൊപ്പം മാനകപദങ്ങളും നല്കിയിരിക്കുന്നു. തുടർന്ന് കോട്ടയം ജില്ലയിലെ ഭാഷാഭേദങ്ങളുടെ സവിശേഷതകളും രേഖപ്പെടുത്തിയിരിക്കുന്നു.

## അടിസ്ഥാന പദങ്ങൾ

| മാനകപദം | ഭാഷാഭേദം |
|---|---|
| അയൽക്കാരൻ | അയലോക്കകാരൻ |
| അവസാനത്തേത് | കടശ്ശി |
| അസ്വസ്ഥത | വയ്യായ്ക |
| ആൺകുട്ടി | ആൺ കൊച്ച്, ചെറുക്കൻ, ചെക്കൻ |
| ഉള്ളതാണ് | ഒള്ളതാണ് |
| ഒഴിക്കുക | പകർത്തുക |
| കയ്യാല | മാട് |
| കരയുക | നൊരോളിക്കുക |

| | |
|---|---|
| കിളയ്ക്കുക | കത്തിയിളക്കുക |
| കട്ടികൾ | കട്ട്യോൾ |
| കുറച്ച് | ഇത്തിരി, ഇമ്മിണി, അല്പം, സ്വല്പം, തൊള്ളി, ശകലം, ഇച്ചിരി, ഇച്ചിരുടെ |
| കഴപ്പമാണ് | പെശകാണ് |
| കോൺട്രാക്ടർ | കൺട്രാവി |
| നിനക്ക് | നെനക്ക് |
| നീറ് | നിസർ, മിശ്റ് |
| പപ്പടം കാച്ചുക | പപ്പടം പൊള്ളിക്കുക, പപ്പടം വറക്കുക |
| പറമ്പ് | തൊടി |
| പെൺകുട്ടി | പെൺകൊച്ച്, പെങ്കൊച്ച്, പെണ്ണച്ചി, പെണ്ണ് |
| രക്തം | ചോര, ചൊകര, |
| ലൂബിക്ക | ലോലോലിക്ക, പുളിഞ്ചിക്ക |
| ഭക്ഷിക്കുക | തിന്നുവാ |
| മടിച്ചി | അനങ്ങാക്കള്ളി |
| മുഖം | മുഞ്ഞി |
| മുറ്റം | മിറ്റം |
| മാറാല | ചുക്രിവല, ചുക്കിരിവല, ചുക്കിലിവല, ചിലന്തിവല, വിരുത്താംമ്പൽ, പുകയിറ, പുകയേറ |
| വരണം | വന്നം |
| വളരെ | ഒത്തിരി, ഉമ്പിടി, എമ്പിടി |
| വില്ലേജ് ഓഫീസർ | പാറോത്യാർ |
| വിശപ്പ് | പൊരിച്ചിൽ, പയ്യ്, വെശപ്പ്, വയർ കാളുക, പയിപ്പ് |
| വേഗം | വെക്കം, പിടീന്ന്, പെട്ടെന്ന്, ശടേന്ന്, ശീഘ്രം, ശ്ശുക്കെന്ന്, ചുറുക്കെ |
| വൃദ്ധൻ | കാരണവൻ, കിളവൻ, വയസൻ, കാരണോർ, കാർന്നോര് |
| സൂക്ഷിച്ചുവയ്ക്കുക | പാകത്തുവയ്ക്കുക. |

## ബന്ധസൂചകപദങ്ങൾ

| | |
|---|---|
| അച്ഛൻ | ഇച്ചാച്ചൻ, അച്ഛായി, അപ്പൻ, പപ്പാച്ച, പപ്പ, ഡാഡി, അച്ചാച്ചൻ, അപ്പച്ചൻ, അച്ചാച്ചി, ചാച്ചൻ, ബാപ്പ, അച്ചായി. |
| അച്ഛന്റെ അച്ഛൻ | വല്യപ്പച്ചൻ, മുത്തശ്ശൻ, മുത്തച്ഛൻ, അപ്പപ്പൻ, വല്യപ്പ, ഉപ്പപ്പ, മറ്റേച്ഛൻ |
| അച്ഛന്റെ അമ്മ | അച്ഛമ്മ, വല്യമ്മച്ചി, മുത്തശ്ശി, അച്ചമ്മ, അമ്മൂമ്മ, വല്യമ്മ, ഉമ്മൂമ്മ, അച്ഛമ്മ |
| അച്ഛന്റെ അനുജൻ | പാപ്പൻ, പാപ്പ, കൊച്ച ച്ചൻ, ചെറിയച്ഛൻ, പാപ്പായി, ചിറ്റപ്പൻ, കൊച്ചത്ത, കൊച്ചി ച്ചൻ, ചെറിയപ്പ |
| അച്ഛന്റെ ജ്യേഷ്ഠൻ | വല്യച്ഛൻ, വല്യച്ചൻ, പേരപ്പൻ, മൂത്തപ്പൻ, വല്യച്ചായി, വെല്ലിശ്ശൻ |
| അച്ഛന്റെ ജ്യേഷ്ഠത്തി | ആന്റി, പേരമ്മ, പേരമ്മച്ചി, മൂത്തമ്മ, മാമി, അപ്പച്ചി, മേമ്മ |
| അമ്മ | അമ്മച്ചി, മമ്മി, ഉമ്മ, മമ്മ |
| അമ്മയുടെ അനുജത്തി | ഇളയമ്മ, കുഞ്ഞമ്മ, ഇളാമ്മ, കുഞ്ഞമ്മ, ചേച്ചി, ചിറ്റ, ആന്റി, കുഞ്ഞാന്റി, ചിന്നമ്മ. |
| അമ്മയുടെ ഇളയ സഹോദരൻ | ഇളയച്ഛൻ, മാമൻ, മാമ്മാളി, അങ്കിൾ |
| അമ്മയുടെ ജ്യേഷ്ഠത്തി | പേരമ്മ, പേരമ്മച്ചി, മൂത്തമ്മ, കുഞ്ഞാച്ചി, മാമി, അപ്പച്ചി, മേമ്മ |
| അമ്മയുടെ മൂത്തസ ഹോദരൻ | മാമ്മൻ, അങ്കിൾ, വല്യമ്മാവൻ, മാമ, മാമിച്ചി. |

## ഭക്ഷണവുമായി ബന്ധപ്പെട്ട പദങ്ങൾ

| | |
|---|---|
| കപ്പ | മരച്ചീനി,പൂള |
| കപ്പപ്പുഴുക്ക് | കപ്പയുടച്ചത്, കപ്പവേവിച്ചത്, ചെണ്ടക്കപ്പ, ചെണ്ടപുഴുങ്ങിയത്. |
| കപ്പങ്ങ | ഓമയ്ക്ക, കറൂത്ത,പപ്പായ, കപ്ലിംങ്ങ |
| കശുമാങ്ങ | കപ്പൽമാങ്ങ, കശുവണ്ടി, പറങ്കിമാങ്ങ, കപ്പലുമാങ്ങ, പറങ്കിപ്പഴം. |
| കറിവേപ്പില | കരിയാപ്പില |
| കാച്ചിൽ | കാവുത്ത്, കൈയത്ത്, കാച്ചിക്ക, കാച്ചിക്കിഴങ്ങ് |
| കമ്പളങ്ങ | ചാരത്തികമ്പളങ്ങ, തടിയൻകായ് |
| കോവയ്ക്ക | ഗോവയ്ക്ക |
| കൈതച്ചക്ക | കന്നാര, അന്നദാനച്ചക്ക, കന്നാരംചക്ക, പൈനാപ്പിൾ |
| ചക്ക | പ്ലാക്ക |
| ചക്കപ്പുഴുക്ക് | ചക്കത്തോരൻ |
| ചമ്മന്തി | ചട്നി |
| ചാറുകറി | ആണക്കറി, കൊളമ്പ്, ഒഴിച്ചുകൂട്ടാൻ |
| തോരൻ കറി | പീരക്കറി |
| പാവയ്ക്ക | കയ്പക്ക, മുള്ളൻ |
| പ്ലാവ് | പിലാവ്, പ്ലാവ് |
| മധുരക്കിഴങ്ങ് | ചീനിക്കിഴങ്ങ്, ചീനിക്കപ്പ |
| മെഴുക്കുപുരട്ടി | ഒലത്തൻ, പറ്റിച്ച് ഉലർത്തൽ |
| സദ്യ | പന്തി |

## ജാതിപ്പേരുകൾ

| പുല്ലിംഗം | സ്ത്രീലിംഗം |
|---|---|
| ഈഴവൻ | ചോകോൻ, ചോകോത്തി |
| ക്രിസ്ത്യാനി | മാപ്പിള, മാപ്പിളച്ചി |
| നമ്പൂതിരി | നമ്പൂരി, നമ്പൂതിരിച്ചി |
| നമ്പ്യാർ | നമ്പ്യാർ, നങ്ങ്യാർ |
| പറയൻ | പറയൻ, പറയി |
| പുലയൻ, പുലേൻ, പെലേൻ | പെലേത്തി, പുലേത്തി, പുലയി, പുലക്കള്ളി |

## സാമുദായികനാമങ്ങൾ

| | |
|---|---|
| മുസ്ലീം | കാക്ക, തമ്പി, മേത്തൻ |
| ക്രിസ്ത്യാനി പുരോഹിതൻ | അച്ചൻ, പുരോഹിതൻ, ഫാദർ |
| ഹിന്ദു പുരോഹിതൻ | പൂജാരി, ശാന്തിക്കാരൻ |
| മുസ്ലീം പുരോഹിതൻ | തങ്ങൾ, മുസ്ല്യാർ, ഉസ്താദ്, ഹാജിയാർ, മൗലവി |

## വീടുമായി ബന്ധപ്പെട്ട പദങ്ങൾ

### വീട്ടിൽ ഉപയോഗിക്കുന്ന സാധനങ്ങൾ

| | |
|---|---|
| അടച്ചുവാറ്റി | അടച്ചുവാർപ്പ്, അടച്ചുകറ്റി |
| അടിച്ചുവാരി | ഉത്തവാരി, ഡസ്റ്റ് പാൻ |
| ഓട്ടുകലം | വെങ്കലപ്പാന |
| ഓട്ടുചീനച്ചട്ടി | നിലകാത് |
| കട്ടിൽ | തല്പം |
| കപ്പി | കിണറുകപ്പി, കിണറുവണ്ടി |
| കപ്പ് | പൂച്ചി, മഗ്, പൂണി |
| കട്ടകം | അണ്ടാളം, അണ്ടാവ് |
| ഗ്ലാസ് | ടംബ്ലർ |
| ചിരവ | ചെരവ |

| | |
|---|---|
| ചെമ്പുചട്ടി | ചെരുവം, ചെമ്പോട്ടി |
| തവി | തവിക്കണ |
| കിണ്ണം | പിഞ്ഞാണം, പിഞ്ഞാണി, പ്ലേറ്റ് |
| തൊട്ടി | ബക്കറ്റ് |
| സ്പൂൺ | കൈയിൽ, കോരി |
| സ്റ്റൂൾ | മുക്കാലി |
| വീടിന്റെ ഭാഗങ്ങൾ | |
| അടുക്കള | കിച്ചൺ,പാചകസ്ഥാനം, മഹാനസം |
| ഉത്തരം | മച്ച്, മുകളിൽ |
| മോന്തായം | മുകന്തായം, മച്ച്, അട്ടം |
| വരാന്ത | ഉമ്മം, സിറ്റൗട്ട്, തിണ്ണ, ഇളംതിണ്ണ, കോലായി |
| ആയുധങ്ങളുമായി ബന്ധപ്പെട്ട പദങ്ങൾ | |
| അരിവാൾ | അരിവാ |
| കത്തി | നമ്പിക്കത്തി, മൂർച്ച |
| കോടാലി | മഴു |
| തുമ്പ | തൂമ്മ, മമ്മട്ടിത്തുമ്പ |
| പിക്കാസ് | കുന്താലി, ചുണ്ടൻ |
| പുല്ലുവരണ്ടി | ചവറുവരണ്ടി, പുല്ലുമാന്തി |
| വാക്കത്തി | വെട്ടുവാൾ, കവാത്ത്, കത്തി |

## സസ്യ/ജീവജാലങ്ങൾ

| | |
|---|---|
| ആഞ്ഞിലി | ആനി |
| ഒച്ച് | അച്ചിൾ |
| തവള | മാക്രി, മാക്കാത്തി |
| തെങ്ങ് | കേരം |
| പശു | കന്നുകാലി, കന്നാലി, മാട്, പൈയ്യ് |
| പയ്യാനിമരം | ആഴാന്തൽ |
| പാമ്പ് | മാമ്പ് |
| പ്ലാവ് | പ്ലാമരം, പിലാവ് |
| വെരുക് | മെരുക് |
| ഇലുമ്പി | പുളിയുള്ള കായ ഉണ്ടാകുന്ന ചെറിയ മരം |
| സംഭാഷണശൈലികളും അർത്ഥവും | |
| അപ്രം | അപ്പുറം |
| അപ്പിടി | പൂർണ്ണമായും |
| അരിയുക | മുറിക്കുക |
| അവതാപറയുക | സഹായിക്കണേ എന്ന അർത്ഥത്തിൽ ഉപയോഗിക്കുന്ന ഒരു വ്യാക്ഷേപകം |
| അസത്ത് | ചീത്ത |
| ആന്നു | ആണ് |
| ആള് കളിക്കുക | വലിയ ആളെന്ന ഭാവം ചമയുക |
| ഇപ്പം | ഇപ്പോൾ |
| ഇമ്മിണി | കുറച്ച് |
| ഇല്ലാവചനം | പരദൂഷണം |
| ഇല്ലരത്തുംകരി | വിറകടുപ്പിന്റെ മുകളിലുള്ള കരി |
| ഈമ്പുക | കൊതിവിടുക |
| ഈരുക | മുടി ചീകുക |
| ഉഡായിപ്പ് | തട്ടിപ്പുരീതി |
| ഉഷാറായി | ഉണർവ്വായി |
| ഉരുണ്ടുകേറുക | വയറ്റില് ഗ്യാസ് കെട്ടുക, ക്ഷണിക്കപ്പെടാത്ത സ്ഥലത്ത് കയറി ചെല്ലുക. |
| ഉറ ഒഴിക്കുക | പാല് തൈരാക്കാനായി വയ്ക്കുന്നത്, റബർ ഷീറ്റാക്കാനായിആസിഡ് ചേർത്ത് വയ്ക്കുന്നത് |
| ഉറഞ്ഞുനിൽക്കുക | ദേഷ്യപ്പെട്ടുനില്ക്കുക |
| ഊതരുതേ | കളിയാക്കരുതേ |
| എന്തിയേ | എവിടെയാ? |
| എങ്ങാണ്ട് | എവിടെയോ |
| എങ്ങോട്ടാ | എവിടേയ്ക്കാണ് |
| എങ്ങോട്ടെന്നാ | എവിടേയ്ക്കാണ് |
| എടങ്ങേറിടുക | തടസ്സം സൃഷ്ടിക്കുക |
| എടുത്തോരേ | എടുത്തോളൂ |
| എട്ടുനിലേൽ പൊട്ടുക | പൂർണ്ണമായി പരാജയപ്പെടുക |
| എന്തപ്പിന്നാണ്ടി | മോശപ്പെട്ടയാൾ |

| | |
|---|---|
| എമ്പാക്കി | കോശക്കാരൻ |
| എളിയോതവസ്തു | ഓരോ വസ്തുവും |
| എളേള്ളങ്ങള് | ഇളയവർ |
| ഒത്ത ആൾ | നല്ല വലിപ്പമുള്ള ആൾ |
| ഒത്താശ ചെയ്യുക | നിതിരഹിതമായി സഹായം ചെയ്യുക |
| കങ്ങൽ | കറി കരിഞ്ഞു ചട്ടിയിൽ പിടിക്കുന്നത്. |
| കപ്പ | മോശം പാരമ്പര്യമുള്ളയാൾ |
| കമ്മതി | മതിപ്പുവില |
| കലക്ക്നായിട്ടുണ്ട് | ഭംഗിയായിട്ടുണ്ട് |
| കലി | ദ്വേഷ്യം |
| കിളത്തിവിടുക | പൊക്കിവിടുക |
| കാച്ചിയ വാക്കത്തി | മൂർച്ച കൂട്ടിയ വാക്കത്തി |
| കാപ്പി അനത്തുക | കാപ്പി തിളപ്പിക്കുക |
| കില്ല | മോശപ്പെട്ടത് |
| കടിച്ചേച്ചുപോയി | കടിച്ചിട്ട് പോയി |
| കമ്പാസ് | കേമം |
| കൂട്ടാൻ | കറി |
| കെട്ടിച്ചുവിടുവാ | വിവാഹം കഴിച്ച് പറഞ്ഞയക്കുവാണ്. |
| കേസുകെട്ട് | പ്രശ്നമുള്ളകാര്യം |
| കൊനഷ്ട് | ബുദ്ധിമുട്ടേറിയ |
| കോഞ്ഞാട്ട | തെങ്ങിൻ കലയുടെ ഉണങ്ങിയ ഭാഗം |
| ഗുട്ടൻസ് | രഹസ്യസൂത്രം |
| ഗുലുമാൽ | സങ്കീർണ്ണമായ അവസ്ഥ |
| ചക്കയിട്ട | ചക്കവീഴ്ച |
| ചക്കാത്ത് | വെറുതെ കിട്ടുന്നത് |
| ചില്ല്വാനം | മിച്ചം |
| ച്റുക്കേ | പെട്ടെന്ന് |
| ചന്തം | ഭംഗി |
| ചെനയ്ക്കുക | പഴുത്തുതുടങ്ങുക |
| ചേളാകം | സാധനങ്ങൾ ഇടാനുള്ള സഞ്ചി |
| ച്ചൂട്ടുകറ്റ | വെളിച്ചം കാണാനായി ച്ചൂട്ട കെട്ടിയുണ്ടാക്കുന്നത്. |
| തണ്ടുള്ളവനാ | അഹങ്കാരിയാ |
| തലേ കേറ്റുക | വലിയ സ്ഥാനം നല്കുക |

| | |
|---|---|
| തീരെത്തി | മുഴുവനായി എത്തി |
| തൊലിക്കുക | കാര്യമില്ലാതെ ചിരിക്കുക, ഉടക്ക് വരുക |
| തറ | കപ്പിത്തറ |
| ഞണങ്ങപ്പെട്ടരൂപം | കരിമുരൂപം |
| തേവുക | തെളിഞ്ഞിരിക്കുക |
| തോയിപ്പീര് | തോല്പ്പിക്കാനുള്ള വഴി |
| നട്ടുതല | നടാനുള്ള വിത്തിനങ്ങൾ |
| നിക്കുവാ | നില്ലുകയാണ് |
| നെട്ടപ്രാണൻ | നീണ്ട പ്രാണൻ |
| നെനക്ക് | നിനക്ക് |
| ദെണ്ണം | രോഗം |
| പ്രാകുക | ശപിക്കുക |
| പത്തൽ | വലിയ കോൽ |
| പടുകരപ്പ | ആരും നടാതെ കിളിർത്തുവന്ന ചെടി |
| പനഞ്ഞീൻ | മത്സ്യത്തിന്റെ മുട്ട |
| പിടീന്ന് | പെട്ടെന്ന് |
| പുകിൽ | അത്ഭുതം ഉണ്ടാക്കുന്ന കാര്യം |
| പൂസാവുക | മദ്യം കഴിച്ച് സുബോധം നഷ്ടപ്പെടുക |
| പാത്തുവെക്കുക | സൂക്ഷിച്ച് ആരും കാണാതെ വെയ്ക്കുക |
| പൊക്കത്ത് വച്ചിട്ടുണ്ട് | മുകളിൽ വച്ചിട്ടുണ്ട് |
| പൊത്തുരുത്തം | കഷ്ടിച്ച് |
| പോക്കണംകേട് | നാണക്കേട് |
| പിള്ളേര് | കുട്ടികൾ |
| പര്യമ്പുറം | വീടിന്റെ പുറകവശം |
| പോക്കണംകേട് | നാണംകെട്ട പ്രവൃത്തി |
| പോക്കടം | പോകാനുള്ളസ്ഥലം |
| പോന്നു | പോയി |
| പോയേച്ചും വരാം | പോയിട്ട് വരാം |
| മരവി | മുഖത്തിന് വെള്ളം കൊടുക്കുന്ന പാത്രം |
| മെനക്കേട് | ബുദ്ധിമുട്ട് ഉണ്ടാക്കുന്നത് |
| മെനയില്ല | സൗന്ദര്യമില്ല |
| മെഴക്കുക | പാത്രം കഴുകുക |
| മേടിച്ചുവച്ചു | വാങ്ങിച്ചുവച്ചു |

CamScanner

| | |
|---|---|
| മേലായ്ക | ബുദ്ധിമുട്ട് |
| മുളഞ്ഞീൻ | ചക്കയുടെ കറ |
| മൂച്ച് | അഹങ്കാര ഭാവം |
| മൊത്തം | മുഴുവൻ |
| വരുവാ | വരികയാണ് |
| വലിഞ്ഞുകേറുക | കഷ്ടപ്പെട്ട് കയറുക,ക്ഷണി ക്കപ്പെടാത്ത സ്ഥലത്ത് കയറിച്ചെല്ലുക |
| വച്ചിരുത്തിപ്പോര് | തക്കംനോക്കിയിരുന്നുള്ള പകവീട്ടൽ |
| വല്ലാണ്ട് | ക്ഷീണിച്ച അവസ്ഥ |
| വറത്ത് കള്ളുക | വളരെ ദാരിദ്ര്യപ്പെടുക |
| വർക്കത്ത് | ഐശ്വര്യം |

| | |
|---|---|
| വെരച്ചക്വാ | വെച്ചരിക്കുകയാണ് |
| വെടിപ്പ് | വൃത്തി |
| വെരട്ടുക | ഭയപ്പെടുത്തുക |
| വേണ്ടാദീനം | മോശം പ്രവർത്തി |
| ശരിക്കും | വളരെ, കൃത്യം |
| ശേല് | ഭംഗി |
| സിൽബന്ധി | പരിചാരിക |
| സൂക്കേട് | അസുഖം |
| നിഷേധരൂപങ്ങൾ | |
| വരികയില്ല | വരികേല, വരില്ല, വരത്തില്ല |
| പോകുകയില്ല | പോവില്ല, പോകത്തില്ല |
| നടക്കുകകയില്ല | നടക്കേല |

## വാത്സല്യദ്യോതക പദങ്ങൾ

മോൻ, മോൾ, ചക്കര, മുത്ത്, കൺമണി, പഞ്ചാര

പുന്നാര, പൊന്ന്, കരള്, കണ്ണില്വണ്ണി, കുഞ്ഞ്, കുഞ്ഞി, അച്ചു, അമ്മു, മാളു,കഞ്ഞി, കഞ്ചി.

## വ്യാക്ഷേപക പദങ്ങൾ

അമ്പടാ, അമ്പടീ, അമ്പമ്പോ, എന്റമ്മേ, ഈശ്വരാ, ഭഗവാനേ, അള്ളാവേ, എന്റെ കർത്താവേ, എന്റെ മാതാവേ, ദൈവമേ

## സംബോധനാരൂപങ്ങൾ

എടാ, എടീ, ഏയ്, ശ്ശ, ശ്ശശ്ശ, എന്തേ, ഹായ്, ഓയ്, ആഹാ, ഹലോ

## ഭാഷാഭേദ സവിശേഷതകൾ

### സ്വനിമതലം

ഇ, എ, അ, ഉ, ഒ, ഉ് എന്നീ അറ് സ്വരസ്വനിമങ്ങൾ കോട്ടയം ഭാഷാഭേദങ്ങളിൽ പ്രത്യക്ഷപ്പെടുന്നുണ്ട്. അവ എങ്ങനെയെന്ന് താഴെ കൊടുക്കുന്നു.

1. സ്വരസ്വനിമങ്ങൾ

| | |
|---|---|
| അച്ചാച്ചൻ | അ + ച് + ച് + ആ + ച് + ച് + അ + ൻ |
| ഇളയമ്മ | ഇ + ള് + അ + യ് + അ + മ് + മ + അ |
| പേരമ്മച്ചി | പ് + ഏ + ര + അ + മ് + മ + അ + ച് + ച + ഇ |
| കന്നാര | ക് + അ + ന് + ന് + ആ + ര് + അ |
| എന്നാക്രി | എ + ന് + ന് + ആ + ക് + റ് + ഇ |
| വരത്തില്ല | വ് + അ + ര് + അ + ത് + ത് + ഇ + ല് + ല് + അ |
| മുത്തച്ഛൻ | മ് + ഉ + ത് + ത് + അ + ച് + ഛ + അ + ൻ |
| വല്ലോംകിട്ടിയോ | വ് + അ + ല് + ല് + ഓ + അം + ക + ഇ + ട് + ട് + ഇ + യ് + ഓ |
| പ്ലാവ് | പ് + ഉ് + ല് + ആ + വ് + ഉ് |

ഭാഷയിലെ സ്വരസ്വനിമങ്ങളിൽ പ്രധാനപ്പെട്ട അ, ഇ, ഉ, എ, ഒ, ഍് എന്നിവയുടെ വിനിമയങ്ങൾ എല്ലാംതന്നെ കോട്ടയം ഭാഷാഭേദത്തിൽ കാണുന്നുണ്ട്. 'ഉ്' എന്ന കേന്ദ്രീകൃത മധ്യസ്വരം ധാരാളമായി കാണുന്നില്ല.

## 2. സ്വരവിനിമയം

| | |
|---|---|
| ഉളക് | ഒളക്ഉ>ഒ |
| ഉറപ്പ് | ഒറപ്പ്ഉ>ഒ |
| ഉലർത്തൽ | ഒലർത്തൽ ഉ>ഒ |
| പ്ലാവ് | പിലാവ്ആ>ഇ |
| ചില | ചെലഇ>എ |
| കറെ | കൊറെഉ>ഒ |
| ഉണ്ടോ | ഒണ്ടോ ഉ>ഒ |
| തിളക്കം | തെളക്കം ഇ>എ |
| ഗുണം | ഗൊണം ഉ>ഒ |
| വിയർപ്പ് | വെയർപ്പ് ഇ >എ |
| കൊമ്പ് | കമ്പ് ഒ>അ |
| കുഴൽ | കൊഴൽ ഉ>ഒ |
| വ്യഞ്ജന വിനിമയങ്ങൾ | |
| കഥ | കതഥ>ത |
| ഭാഗ്യം | ഫാഗ്യം ഭ>ഫ |
| വെളിച്ചിങ്ങ | മെച്ചിങ്ങ വ>മ |
| ഗുണം | കൊണംഗ>ക |
| ആണ് | ആന്ന്ണ്>ന്ന് |

| | |
|---|---|
| ധർമ്മക്കാര് | തർമ്മക്കാര് ധ>ത |
| നമ്മള് | ഞമ്മള്ന>ഞ |
| ഭണ്ഡാരം | ഭണ്ണാരംഡ>ണ |
| വരണം | വന്നംണ>ന |
| ഹോൺ | ഓൺഹ>ഒ |
| ഗട്ടർ | കട്ടർഗ>ക |
| മകൻ | മഹൻക>ഹ |
| രൂപിമപഠനം | |
| സ്വതന്ത്രരൂപിമങ്ങൾ | |
| വല്യമ്മച്ചി | വല്യ, അമ്മച്ചി |
| പേരമ്മ | പേര, അമ്മ |
| ചിറ്റപ്പൻ | ചിറ്റ, അപ്പൻ |
| ആശ്രിതരൂപിമങ്ങൾ | |
| അപ്പൻ | അപ്പ, അൻ |
| കഞ്ഞാഞ്ഞ | കഞ്ഞ്, ആഞ്ഞ |
| പോണു | പോ, ഉന്നു |
| മേടിച്ചു | മേടിച്ച്, ഉ |
| അറിയത്തില്ല | അറി, അത്ത്, ഇല്ല |

## വാക്യപഠനം

കർത്താവ്, കർമ്മം, ക്രിയ എന്ന ക്രമത്തിലാണ് പദഘടനയെങ്കിലും കർത്താവ്, ക്രിയ, കർമ്മം എന്നിങ്ങനെയുള്ള വാക്യഘടനാരീതിയും കോട്ടയം ഭാഷാഭേദങ്ങളിൽ കാണാം.

ഉദാ: ഞങ്ങൾ വീട്ടിൽ പോയി.

(Subject) (Object) (Verb)

എന്നാൽ മറ്റു രീതികളും ഇവിടെ പ്രയോഗത്തിലുണ്ട്.

ഞാൻ പോയിരുന്നു അവിടെ

S V O

ഉദാ: അത് ഞാൻ പറയുകേല.

O S V

ഇവിടെ കർമ്മം, കർത്താവ്, ക്രിയ എന്നീ ക്രമത്തിലാണ് വാക്യഘടന.

പറയുമ്പോൾ അവന് ദേഷ്യംവരും എന്ന വാക്യത്തിൽ

V S O

ക്രിയ, കർത്താവ്, കർമ്മം എന്നീ ക്രമത്തിൽ V, S, O ആണ് ഇവിടെ വാക്യഘടന.

പഴം കാണും ആ പെട്ടിക്കകത്ത് എന്ന ഉദാഹരണത്തിൽ

O V S

കർമ്മം, ക്രിയ, കർത്താവ് O, V, S എന്ന ക്രമത്തിലാണ് വാക്യഘടന.

കർമ്മവും ക്രിയയും മാത്രം ചേർന്നും (O,V) കർത്താവും ക്രിയയും മാത്രം ചേർന്നും (S,V) വാക്യഘടന ഉണ്ടാകുന്നു.

ഉദാ: സഹായത്തിനു രണ്ടുപേരെ കിട്ടി.

O V

ഞാൻ പോകാറുണ്ട്.

S V

കോട്ടയം, തൃശ്ശൂർ ജില്ലകളിലെ ആവേദകരുമായി നേരിട്ട് സംഭാഷണം നടത്തിയും ചോദ്യാവലി നല്കിയും വ്യത്യസ്ത പ്രദേശങ്ങളിൽ യാത്രചെയ്ത് നേരിട്ട് ഭാഷണഭേദം മനസ്സിലാക്കിയും സാഹിത്യ രചനകൾ സൂക്ഷ്മപഠനത്തിന് വിധേയമാക്കിയും കോട്ടയം ജില്ലയിലെ ഭാഷാഭേദങ്ങൾ ഉപയോഗിച്ചിരിക്കുന്ന സിനിമകളിലെ പ്രയോഗ സവിശേഷതകളെക്കുറിച്ച് വിശകലനം ചെയ്തും നടത്തിയ പഠനത്തിന്റെ കണ്ടെത്തലുകളും നിഗമനങ്ങളുമാണ് താഴെ കൊടുക്കുന്നത്.

കോട്ടയം ജില്ലയിലെ ഭാഷാപ്രയോഗം അച്ചടിഭാഷയോട് ചേർന്നുനിൽക്കുന്നു. മാത്രവുമല്ല ഇംഗ്ലീഷ് ഭാഷയുമായുള്ള കലർപ്പ് കോട്ടയം ജില്ലയിൽ കൂടുതലായി കാണാം. നാട്ടിൻപുറത്തുപോലും ആംഗലഭാഷാസ്വാധീനം കൂടുതലാണ്.

പദങ്ങളിൽ 'ത്ത്' കൂട്ടിച്ചേർത്ത് ഉപയോഗിക്കുന്നു. ഉദാ: പോകത്തില്ല, വരത്തില്ല. ചില സന്ദർഭങ്ങളിൽ കോട്ടയം ജില്ലയിൽ പദങ്ങൾ ചുരുക്കി ഉപയോഗിക്കാറുണ്ട്. ഉദാ: വരിയേല, പോകേല.

കോട്ടയത്ത് മാനകഭാഷാപദങ്ങളെ ദന്ത്യമാക്കി ഉച്ചരിക്കുന്നു.

ഉദാ: എന്താ - എന്നാ.

'കുട്ടി' എന്ന അർത്ഥത്തിലും വാത്സല്യദ്യോതകമായും 'കൊച്ച്' ഉപയോഗിക്കുന്നു.

കോട്ടയം ജില്ലയിൽ പ്രായം, അധികാരം, ബന്ധം ഇവയുടെ അടിസ്ഥാനത്തിൽ സംബോധനാപദങ്ങൾ മാറിമാറി ഉപയോഗിക്കുന്നു.

പദാന്ത്യത്തിൽ 'വ്' കാരം ചേർത്തുള്ള പ്രയോഗം കാണാം.

ഉദാ: പോകുവാ, വരുവാ

കോട്ടയം ജില്ലയിൽ താഴെ പറയുന്ന വർണ്ണവിപര്യയം കാണാം.

ഉ>ഒഥ>തഗ>കഹ>ഒ

ആ>ഇഭ>ഫണ>ന്നക>ഹ

ഇ>എവ>മധ>ത

ഉ>ഒന>ന്തഡ>ണ

പുരുഷ സർവ്വനാമങ്ങൾ അതേരീതിയിൽ ഈ ജില്ലയിൽ പ്രയോഗിച്ചുവരുന്നു. എന്നാൽ പുലയ, പറയ ഭാഷയിൽ ഏൻ, നാങ്കൾ, ഏങ്കൾ എന്നൊക്കെ മാറ്റി ഉപയോഗിക്കുന്നു. നമ്പൂതിരി ഭാഷയിൽ

CamScanner

'നാം' എന്നത് 'നോം' എന്ന് മാറ്റി ഉപയോഗിക്കുന്നു. മുസ്ലീം ഭാഷയിൽ എനിക്ക്, നമ്മൾ എന്നീ പദങ്ങൾക്കുപകരമായി അനക്ക്, ഞമ്മള് എന്നൊക്കെ മാറ്റി ഉപയോഗിക്കുന്നു. മുസ്ലീംങ്ങൾ മധ്യമപുരുഷനിൽ 'നീ'ക്ക് പകരം 'ഇജ്' എന്ന് ഉപയോഗിച്ചുകാണുന്നു. ചുരുക്കത്തിൽ ഭാഷയുടെ തെളിമയും തനിമയും കോട്ടയംകാർ സൂക്ഷിക്കുന്നു. കോട്ടയം ഭാഷ അച്ചടിഭാഷയോട് ചേർന്നു നിൽക്കുന്നവെന്ന് പറയുന്നുണ്ടെങ്കിലും നിരവധി ഭാഷാഭേദങ്ങളും ഈ സ്ഥലത്ത് നിലനിൽക്കുന്നു. അവ ഭാഷയുടെ സമ്പത്തു തന്നെയാണ്.

## അടിക്കുറിപ്പുകൾ

1.ഡോ. കെ.സി. കൃഷ്ണകുമാർ, കേരളം ജില്ലകളിലൂടെ, 2011, പുറം 75.

2.യാത്ര, ലക്കം 3, ഒക്ടോബർ 2015, പുറം 44.

3.ഡോ. കുമാരൻ വയലേരി, ഭാഷയും സമൂഹവും, 2010, പുറം 44.

## സഹായകഗ്രന്ഥങ്ങൾ


1. ഉഷാനമ്പൂതിരിപ്പാട്, മലയാളത്തിലെ സംബോധനാപദങ്ങളുടെ സാമൂഹിക പശ്ചാത്തലം, തൃശ്ശൂർ: കേരളസാഹിത്യഅക്കാദമി, 1990.
2. -----, സാമൂഹികഭാഷാവിജ്ഞാനം, തിരുവനന്തപുരം: കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട്, 1994.
3. കാരശ്ശേരി, എം.എൻ, കരുത്തക്കേടിൽ കറിച്ച തുടക്കം, കോഴിക്കോട്: പൂർണ്ണ പബ്ലിക്കേഷൻസ്, 2011.
4. ------, തായ്മൊഴി, കോട്ടയം: ഡി.സി. ബുക്സ്, 2012.
5. -----, തെളിമലയാളം, കോട്ടയം: ഡി.സി. ബുക്സ്, 2005.
6. -----, വാക്കിന്റെ വരവ്, തിരുവനന്തപുരം: കേരള ഭാഷാഇൻസ്റ്റിറ്റ്യൂട്ട്, 2013.
7. കൃഷ്ണകുമാർ കെ.സി.(ഡോ.) (സമ്പാ.), കേരളം ജില്ലകളിലൂടെ, കോട്ടയം: മാതൃഭൂമി ബുക്സ്, 2011.
8. ഗിരീഷ്, പി.എം., അധികാരവും ഭാഷയും, കോഴിക്കോട്: പാപ്പിയോൺ, 2001.
9. ദീപ സി. (ഡോ.), നസ്രാണി ശബ്ദകോശം,കോട്ടയം: നാഷണൽ ബുക്ക്സ്റ്റാൾ, 2001.
10. പ്രഭാകരവാര്യർ കെ. എം.,-----. മലയാളം. മാറ്റവും വളർച്ചയും, ശുകപുരം: വള്ളത്തോൾ വിദ്യാപീഠം, 2007.
11. -----, സ്വനിമവിജ്ഞാനം, തിരുവനന്തപുരം: കേരള ഭാഷാഇൻസ്റ്റിറ്റ്യൂട്ട്, 1980.
12. സക്കറിയ, സക്കറിയയുടെ നോവെല്ലകൾ,കോട്ടയം: ഡി.സി. ബുക്സ്, 2004.

Website

1.https://en.wikipedia.org/wiki/Website

2.https://www.google.com.in

3.https://www.youtube.com



ഡോ. ബ്രിൻസി മാത്യു



കോട്ടയം ജില്ലയിലെ പുലിയന്നൂർ സ്വദേശി. ചങ്ങനാശ്ശേരി എസ്.ബി. കോളേജിൽ നിന്ന് മലയാളസാഹിത്യത്തിൽ ബിരുദാനന്തര ബിരുദം. എം.ജി യൂണിവേഴ്സിറ്റിയിൽ നിന്ന് M.Ed., Ph.D., കറവിലങ്ങാട് ദേവമാതാ കോളേജിൽ അസ്സി. പ്രൊഫസർ, എം.ജി. യൂണിവേഴ്സിറ്റിയിൽ റിസർച്ച് ഗൈഡ്.


CamScanner

# Chengazhi

A Jounal from
Department of Malayalam,
Sree Sankaracharya University of Sanskrit,
Kalady

Volume 1, Issue-9,
January-June, 2023

ISSN25819585

Registered with The Registrar of
Newspapers for India
No.KERBIL/2019/77103.

Printed, published and edited by Dr. V Lissy Mathew, on behalf of Department of Malayalam, Sree Sankaracharya University of Sanskrit, Printed at Varnamudra Graphics, Payyanur, , 670327. Editor Dr. V. Lissy Mathew

CamScanner